പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2916 | 17.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി ജീവനക്കാർക്ക് വർദ്ധിപ്പിച്ച ശമ്പളം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.കെ.കെ. രാമചന്ദ്രൻ നായർ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) അംഗൻവാടി ജീവനക്കാർക്ക് വർദ്ധിപ്പിച്ച ശമ്പളം കൃത്യമായി ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) അംഗൻവാടി ജീവനക്കാർക്ക് വർദ്ധിപ്പിച്ച ഹോണറേറിയം കൃത്യമായി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും (പഞ്ചായത്ത്) അംഗൻവാടി ജീവനക്കാർക്ക് നൽകാനുള്ള ശമ്പള വിഹിതം നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) അംഗൻവാടി ജീവനക്കാർക്ക് വർദ്ധിപ്പിച്ച ശമ്പളം സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നൽകുന്ന കാര്യം ആലോചിക്കുമോ ? | (സി)അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം വർദ്ധിപ്പിച്ചുകൊണ്ട് 25.02.2016 ലെ സ.ഉ (എം.എസ്) നം.21/2016/സാനീവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. അത് പ്രകാരം വർദ്ധിപ്പിച്ച മുഴുവൻ ഹോണറേറിയവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും. പല പഞ്ചായത്തുകൾക്കും പ്രസ്തുത തുക വഹിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ വർദ്ധിപ്പിച്ച ഹോണറേറിയത്തിന്റെ 50% സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നും വഹിക്കുവാൻ വ്യവസ്ഥ ചെയ്ത് 30.08.2016 തീയതിയിലെ സഉ.(സാധാ) നം.409/16/സാനീവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ